## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 6323

08.07.2014 -ലെ മറുപടിക്ക്

## അനധികൃത പണമിടപാട് സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിലും വൈക്കം നിയോജകമണ്ഡല പരിധിയിലും എത്ര കേന്ദ്രങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി എത്ര പേരെ അറസ്റ്റു ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | (എ) അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ 36 പണമിടപാട് സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും രണ്ടുപേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വൈക്കം നിയോജക മണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ 7 പണമിടപാട് സ്ഥാപനങ്ങളിൽ പരിശോധന നടത്തിയെങ്കിലും ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (ബി) വൈക്കം നിയോജക മണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ നടത്തിയ റെയ്ഡിൽ പണമോ മുദ്രപ്പത്രങ്ങളോ പിടിച്ചെടുത്തിട്ടുണ്ടോ; | (ബി) 4 മുദ്രപത്രങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട റെയ്ഡുകൾ ഇപ്പോഴും തുടരുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) ഇപ്പോഴും തുടരുന്നുണ്ട്. |
| (ഡി) അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട റെയ്ഡുകളിൽ വൈക്കം മണ്ഡലത്തിൽ അനധികൃതമായി നടത്തുന്ന ഏതെങ്കിലും ചിട്ടി സ്ഥാപനങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ